


വര ആലിയ ഇസഡ് എസ്

## കലോത്സവ കാഴ്ചകൾ...











## ഫലങ്ങൾ ഇങ്ങനെ...

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിന് കീഴിൽ നവംബർ എട്ട്, ഒൻപത് തീയതികളിലായി ചാല മോഡൽ ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ നടന്ന ട്രാൻസ്ജെൻഡർ കലോത്സവമായ വർണ്ണപ്പകിട്ടിൽ നിറപ്പകിട്ടേകി വേദി നിറഞ്ഞാടി പ്രതിഭകൾ. കേരളത്തിലെ പതിനാല് ജില്ലകളിൽ നിന്നും 200 ഓളം പ്രതിഭകളാണ് കലോത്സവത്തിൽ പങ്കടുത്തത്. ആറ് വേദികളിലായി 20 ഓളം മത്സരങ്ങളാണ് നടന്നത്.

ഒന്നാം ദിവസം നടന്ന സെമി ക്ലാസ്സിക്കൽ ഇനത്തിൽ മലപ്പുറം ജില്ലയുടെ മോനിഷ ശേഖർ ഇഷാ കിഷോർ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയപ്പോൾ തിരുവാതിരയിൽ വിജയികളായത് തിരുവനന്തപുരത്തെ പ്രതിനിധീകരിച്ച സുനി സനയും ടീമും രണ്ടാം സ്ഥാനം മലപ്പുറത്തെ പ്രതിനിധീകരിച്ച മൃദുലയും ടീമുമാണ്. മണവാട്ടിയുടെ മൊഞ്ചും നാണവും ഒത്തിണങ്ങിയ ഒപ്പന മത്സരത്തിൽ തിരുവനന്തപുരത്തിന്റെ മിഖയുടെ ടീമിന് ഒന്നാം സ്ഥാനവും മലപ്പുറം ജില്ലയുടെ ജമീലയുടെ ടീമിനും രണ്ടാം സ്ഥാനവും ലഭിച്ചു. ദേശഭക്തിഗാനം കാർത്തികയും ടീമും അങ്ങ് കാസർകോഡിന് നേടികൊടുത്തപ്പോൾ, രണ്ടാംസ്ഥാനം വർഷ നന്ദിനിയും ടീമും പാലക്കാടലേക്ക് എത്തിച്ചു. മോഹിനിയാട്ടത്തിന് മെയ് വഴക്കത്തോടെ കോട്ടയത്തെ പ്രതിനിധീകരിച്ച ഭദ്ര ഇമൽ ജേതാവായി. രണ്ടാം സ്ഥാനത്ത് കോട്ടയത്തെ ആൻമരിയക്കുട്ടി തന്നെയാണ്. മിമിക്രിയിൽ തിരുവനന്തപുരത്തിന്റെ സുകു സുകന്യ ഒന്നും തൃശ്ശൂരിന്റെ ഹെയ്ദി സാദിയയ്ക്ക് രണ്ടാം സ്ഥാനവും ലഭിച്ചു. മോണോ ആക്ടിന് ഹേയ്ദി സാദിയ ഒന്നും സുകു സുകന്യ രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. കവിതാര.നയിൽ ഇടുക്കിയുടെ ഗിരി ചന്ദനക്കാടൻ ഒന്നും കൊല്ലത്തെ സാംസൺ എയും മലപ്പുറത്തിന്റെ അമ്മു അശ്വിൻ രണ്ടാം സ്ഥാനം പങ്കിട്ടു. ചിത്രരചനയ്ക്ക് ഒന്നും രണ്ടും സ്ഥാനങ്ങൾ പാലക്കാടിനാണ്. സ്റ്റെല്ലാ കെയും കലയുമാണ് ഈ നേട്ടത്തിനർഹരായത്. കുച്ചുപുടിക്ക് കോട്ടയത്തെ ഭദ്രാ അമൽ ഒന്നും കോഴിക്കോടിന്റെ സഞ്ജന ചന്ദ്രൻ രണ്ടും സ്ഥാനങ്ങളിലെത്തി. ലളിതഗാന മത്സരത്തിൽ എറണാകുളത്തിന്റെ ആമി ഇറാനി ഒന്നാം സ്ഥാനത്തെത്തി. ഭരതനാട്യത്തിൻ കോഴിക്കോടിന്റെ സഞ്ജന ചന്ദ്രൻ ജേതാവായി.

## രുചിയേറിയ സ്വപ്നങ്ങൾ



• ദേവിക ജയൻ ജെ

കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ ദമ്പതികളായ സൂര്യയും ഇഷാനും പുതിയൊരു തൊഴിൽ സംരംഭത്തിന് തുടക്കം കുറിക്കുകയാണ്. സൂര്യ ഫുഡ്സ് എന്ന പേരിൽ തുടങ്ങിയ ഇവരുടെ സ്വപ്ന സംരംഭം സാക്ഷാത്കരിക്കപ്പെട്ടിട്ട് ദിവസങ്ങളായുള്ളവെങ്കിലും കലോത്സവവേദിയിൽ ആദ്യ സ്റ്റോൾ തുറക്കാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് ഇരുവരും. സൂര്യ തന്നെ വീട്ടിൽ തയ്യാറാക്കിയ വിവധയിനം അച്ചാറുകൾ സ്റ്റോളിൽ വിൽക്കാൻ ഇഷാനും കൂടിയപ്പോൾ സംഗതി കളറായി. രാസവസ്തുക്കളോ മറ്റ് പ്രസർവേറ്റീവുകളോ ചേർക്കാതെ തയ്യാറാക്കുന്ന ഹോം സെയ്ഡ് പിക്കിൾ വാങ്ങാനായി കേരളത്തിന് അകത്തും പുറത്തും ഇവരെ പിന്തുണച്ചവരും ഒപ്പം കൂടി. അച്ചാറുകൾക്കു പുറമേ കപ്പ, കാന്താരി, ബീഫ് , ചിക്കൻ തുടങ്ങിയ ഭക്ഷണസാധനങ്ങളും ഉൾപ്പെടുത്തി ആവശ്യക്കാരുടെ ഓർഡർ അനുസരിച്ച് സാധാനങ്ങൾ എത്തിച്ചുകൊടുത്തു കൊണ്ട് സംരംഭം വിപുലീകരിച്ച് ഞങ്ങളുടെ വരുമാനമാർഗമായി കൊണ്ടുപോകുവാനമാണ് തീരുമാനിച്ചിരിക്കുന്നതെന്ന് ഇഷാൻ പറഞ്ഞു.

## നിസർഗ്ഗ സ്റ്റാൾ പ്രവർത്തനം ആരംഭിച്ചു

• ദേവിക ജയൻ ജെ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ പ്രയോജനം ട്രാൻസ് ജെൻഡറുകളിലേക്ക് എത്തിക്കാനായി കലോത്സവ വേദിക്കുസമീപം ഹോമിയോ വകുപ്പിന്റെ നിസർഗ്ഗ സ്റ്റാൾ പ്രവർത്തനമാരംഭിച്ചു. ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ആരോഗ്യസംരക്ഷണത്തിനും അവർക്കെതിരെയുള്ള ചൂഷണം, അവഗണന, അതിക്രമം എന്നിവ തടയാനും ഹോമിയോപ്പതി വകുപ്പ് ആരംഭിച്ച പദ്ധതിയുടെ ഭാഗമാണ് നിസർഗ്ഗ. പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലാ ഹോമിയോ ആശുപത്രിയിൽ ആഴ്ചയിൽ ഒരു ദിവസം പ്രത്യേക ഒ. പി ചികിത്സ നടന്നുവരുന്നു.

സ്റ്റാൾ മുഖേന ഉദ്യോഗസ്ഥരുടെ സേവനവും ബോധവത്കരണ പ്രസിദ്ധീകരണങ്ങൾ അടങ്ങിയ കിറ്റും കലോത്സവ വേദിയിലെ ട്രാൻസ്ജെൻഡേഴ്സിന് വിതരണം ചെയ്തു.

വാർത്തകൾ
തപസ്യ അശോക്, ദേവിക ജയൻ ജെ, ബെറിൽ ബാബു കെ, ഫാത്തിമ എൻ സലിം, റെന ഹെലൻ വർഗീസ്, ഗോപിക യു എം, ലീന എബ്രഹാം, ശില്പാ വിനോദ്, അജാസ് മുഹമ്മദ്, സൂര്യനാരായണൻ എസ്.വി, അരവിന്ദ് എ, അമൽ ആർ രവി, മയൂരി എ.എസ്, കൃഷ്ണ എസ്, പർവീൺ തസ്ലീമ, മേഘ എസ് വിജയ്

ചിത്രങ്ങൾ
ജയകൃഷ്ണൻ ബി, ജോൺസ് ചെറി തോമസ്, ദേവാനന്ദ് ബി ബി, അക്ഷയ് ബി, അജാസ് മുഹമ്മദ്

വര
ആലിയ ഇസെഡ്.എസ്, ലീനാ എബ്രഹാം

വാല്യം : 1
നവംബർ 2019

# സ്പെക്ട്രാ

ലക്കം : 1
പേജ് : 4

ട്രാൻസ്ജെന്റർ കലോത്സവം പ്രത്യേക പതിപ്പ്

വിഗ്രഹങ്ങൾ ഉടയും
പേജ് : 2

സ്വീഡനിൽ നിന്ന് മുവാ
പേജ് : 3

മോഹിനിയാട്ടത്തിൽ ചിറക് വിടർത്തും
പേജ് : 3

സ്പൈസിയായി സൂര്യ ഫുഡ്സ്
പേജ് : 4

# വർണ്ണാഭം... തുടക്കം

• ദേവിക ജയൻ ജെ , തപസ്യ അശോക്

തിരുവനന്തപുരം: കണ്ണിനും മനസിനും ഏഴഴക് നിറച്ച് രാജ്യത്തെ ആദ്യ ട്രാൻസ്ജെൻഡർ കലോത്സവമായ 'വർണ്ണപ്പകിട്ട് 2019' ന് അനന്തപുരിയിൽ വർണ്ണാഭമായ തുടക്കം. ചാല ഗവ.മോഡൽ ബോയ്സ് ഹയർസെക്കൻഡറി സ്കൂളിൽ ആരംഭിച്ച കലാമേള ആരോഗ്യ-സാമൂഹികനീതി, വനിതാ-ശിശു വികസന വകുപ്പ് മന്ത്രി കെ.കെ ശൈലജ ഉദ്ഘാടനം ചെയ്തു. ആണും പെണ്ണും പോലെ ട്രാൻസ്ജെൻഡർ ഒരു യാഥാർത്ഥ്യമാണ്. 'നിങ്ങളിൽ ഞങ്ങളുണ്ടെന്ന്' ഈ സമൂഹത്തെ പഠിപ്പിക്കുകയാണ് ലക്ഷ്യം. സർക്കാരിന് പരിമിതികളുണ്ട്. പക്ഷേ നമുക്കതൊക്കെ പരിഹരിക്കാം. അസ്ഥിത്വം മനസിലാക്കി ഈ സമൂഹത്തിൽ നിങ്ങളും തലയുയർത്തി തന്നെ നിൽക്കണമെന്നും കലോത്സവം ഉദ്ഘാടനം ചെയ്ത് മന്ത്രി പറഞ്ഞു. സർക്കാരിന്റെ മഴവില്ല് പദ്ധതിക്കുവേണ്ടി നിരവധി പ്രവർത്തനങ്ങളാണ് സാമൂഹിക നീതി വകുപ്പ് നടത്തിവരുന്നത്. ട്രാൻസ്ജെൻഡർ സമൂഹത്തെ സ്വയം പര്യാപ്തമാക്കുന്നതിനായുള്ള ശ്രമങ്ങളുടെ ഉദാഹരണമാണ് കലോത്സവമെന്ന് സാമൂഹിക നീതി വകുപ്പ് ഡയറക്ടർ ഷീബ ജോർജ് പറഞ്ഞു.



വർണ്ണപ്പകിട്ട് 2019 ഉദ്ഘാടന വേളയിൽ ഫോട്ടോ : ജോൺസ് ചെറി തോമസ്

ചടങ്ങിൽ വിവിധ മേഖലകളിൽ നേട്ടം കൈവരിച്ച കമ്മ്യൂണിറ്റി അംഗങ്ങളായ ശ്രീക്കുട്ടി നമിത , ശ്യാമ എസ്. പ്രഭ , പ്രമോദ് പ്രമീള, ശ്രേയ ലക്ഷ്മി, തൃപ്തി ഷെട്ടി, വിജയരാജ മല്ലിക, ഫൈസൽ ഫൈസു, ഹെയ്ദി സാദിയ, ആദം ഹാരി, സിസ്‌ലി ജോർജ് എന്നിവർക്ക് പതിനായിരം രൂപയും പ്രശസ്തി പത്രവും നൽകി ആദരിച്ചു. നഗരസഭ ഡെപ്യൂട്ടി മേയർ രാഖി രവികുമാർ അധ്യക്ഷയായ പരിപാടിയിൽ ശീതൽ ശ്യാം (സ്റ്റേറ്റ് ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് അംഗം), റ്റി.കെ ആനന്ദി, ലക്ഷ്മി എം. തുടങ്ങിയവർ പങ്കെടുത്തു.

കലോത്സവത്തിന്റെ ഭാഗമായി ഉച്ചയ്ക്ക് രണ്ടിന് കരമന ടാക്സ് ടവറിൽ നിന്ന് 14 ജില്ലകളിൽ നിന്നുള്ള ട്രാൻസ്ജെൻഡറുകളെ പങ്കെടുപ്പിച്ച വിളംബര ഘോഷയാത്രയോടെയായിരുന്ന കലാമേളയ്ക്ക് കൊടിയേറിയത്. സ്കൂൾ അങ്കണത്തിലെ നാല് വേദികളിൽ നടക്കുന്ന ഇരുപതിന മത്സരങ്ങളിൽ ഇരുന്നൂറോളം കലാപ്രതിഭകളാണ് മാറ്റുരയ്ക്കുന്നത്. രണ്ടുദിവസങ്ങളിലായി നടക്കുന്ന കലോത്സവത്തിൽ നിലവിൽ 44 പോയിന്റ് നേടി തിരുവനന്തപുരമാണ് മുന്നിൽ. 29 പോയിന്റുമായി മലപ്പുറം രണ്ടാം സ്ഥാനത്തുണ്ട്.

നവംബർ 9 നു നടക്കുന്ന സമാപന സമ്മേളനം ദേവസ്വം-ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. വൈകിട്ട് അഞ്ചിന് ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആന്റ് ചാരിറ്റബിൾ സൊസൈറ്റി അവതരിപ്പിക്കുന്ന നാടകവും നർത്തകി ലക്ഷ്മി ഗോപാലസ്വാമിയുടെ നൃത്തവിരുന്നും അരങ്ങേറും.

## പ്രതിഭയും തിലകവുമില്ല തിളങ്ങുന്നത് രത്നം

**കലോത്സവങ്ങൾക്ക് തിരശ്ശീല വീഴുമ്പോൾ പരക്കെയുള്ള സംശയം ആരാണ് കലാപ്രതിഭ, ആരാണ് കലാതിലകം എന്നാണ്. പ്രഥമ ട്രാൻസ്ജെൻഡർ കലോത്സവമെങ്കിലും ഇവിടെയും സ്ഥിതിഗതികൾ മറിച്ചല്ല. പക്ഷേ ഇവിടെ പ്രതിഭയും തിലകവുമൊന്നുമില്ല. പകരം രത്നമാണ്. കലാരത്നം. നവംബർ ഒൻപതിന് വൈകുന്നേരം നടക്കുന്ന സമാപന സമ്മേളനത്തിലറിയാം**

## ജഡ്ജ്മെന്റൽ



ആശയം: ലീന എബ്രഹാം
വര: ആലിയ ഇസഡ് എസ്

## മിടുക്കുള്ള മൊഞ്ചത്തി



മണവാട്ടിയായി റിയ ഇഷ ഫോട്ടോ : അക്ഷയ് ബി

• അക്ഷയ് ബി, റെന ഹെലൻ വർഗീസ്

തിരുവനന്തപുരം: രണ്ടാം വേദിയിൽ ഒപ്പന മത്സരം തകർക്കുകയാണ് ...കൈകൊട്ടുകൾക്കും താളച്ചുവടുകൾക്കമിടയിൽ പെട്ടെന്നാണ് ആ മൊഞ്ചത്തിയിൽ കണ്ണുടക്കിയത്. നാണം കുണുങ്ങി നിന്ന ആ മണവാട്ടിപ്പെണ്ണിനെ എവിടെയോ കണ്ടുമറന്ന പോലെ ...ഒന്നു കൂടി നോക്കിയപ്പോഴാണ് അത് റിയ ഇഷയാണെന്ന് മനസ്സിലായത്. ലോക അദാലത്ത് ജഡ്ജായ ആദ്യ ട്രാൻസ്ജെൻഡർ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ആദ്യ ട്രാൻസ്ജെൻഡർ അംഗം, മലപ്പുറത്തെ ആദ്യ ട്രാൻസ്ജെൻഡർ കോളജ് വിദ്യാർത്ഥി, കേരള ഫാഷൻ ലീഗിലെ മത്സരാർത്ഥി, അഭിനേത്രി, സി. എ. ഡബ്ല്യ. ഫിലിം അസോസിയേഷൻ വൈസ് പ്രിസിഡന്റ് പദവിയിൽ നിന്നുകൊണ്ട് ഇവർ ചെയ്ത പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. കോളജുകളിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ അന്തരീക്ഷം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ, അവരെ കായിക മത്സരങ്ങളിൽ മറ്റും മുന്നോട്ട് കൊണ്ടുവരുവാനുള്ള പരിപാടികൾ തുടങ്ങിയവ അതിൽ ഉൾപ്പെടുന്നു. മലപ്പുറം ജില്ലയെ പ്രതിനിധീകരിച്ച് ഇവിടെ എത്തിയ ഇവർക്ക് മത്സരഫലത്തെക്കാളും പങ്കാളിത്തമാണ് കൂടുതൽ സന്തോഷം.

' ഒത്തിരി സ്കൂളുകളിൽ വിദ്യാർത്ഥികൾക്കുവേണ്ടി ഒപ്പന പഠിപ്പിക്കുവാൻ വേണ്ടി പോയിട്ടുണ്ടെങ്കിലും ട്രാൻസ്ജെൻഡർ എന്ന ലേബലിൽ പങ്കെടുക്കുന്നത് ഇതാദ്യമായാണ്. ഇതൊരു വലിയ അവസരവും അംഗീകാരവുമാണെന്ന് റിയ ഇഷ പറയുന്നു.

## പരാതിയുണ്ടോ? പരിഹരിക്കാം...!

• ഗോപിക യു എം

തിരുവന്തപുരം: സ്കൂൾ-കോളജുകളിലെ കലോത്സവങ്ങളിലേതിന സമാനമായി ആദ്യ ട്രാൻസ്ജെൻഡർ കലാവേദികളിലും പരാതികൾക്ക് കുറവല്ല. എന്നാൽ അപ്പീലുകളായല്ല പരാതികൾ സ്വീകരിക്കുന്നത്, പരിഹാര കമ്മിറ്റികൾ മുഖേന വാക്കുതർക്കത്തിലേക്ക് വഴികൊടുക്കാതെ മത്സരാർത്ഥികൾക്ക് സ്വീകാര്യമായ രീതിയിൽ പരിഹരിക്കുകയാണ് ചെയ്യുന്നത്. വിധികർത്താക്കളുടെ വിധി അന്തിമമായിരിക്കുമെന്ന് നേരത്തെ അറിയിച്ചിരുന്നുവെങ്കിലും പരാതികളുമായി വരുന്നവർക്ക് സ്വീകാര്യമായ നടപടികൾ എടുക്കുമെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

ആദ്യദിനത്തിൽ തന്നെ ദേശഗാനഭക്തിഗാനമത്സരത്തിൽ തുടങ്ങി ഒപ്പന, മിമിക്രി, തിരുവാതിര തുടങ്ങി മത്സരയിനങ്ങളിലാണ് പരാതികൾ വന്നിട്ടുള്ളത്. അവതരണരീതി, വസ്ത്രധാരണം എന്നിവയിലുള്ള പാകപ്പിഴവുകളുമായാണ് മത്സരാർത്ഥികൾ പരാതികൾ ഉന്നയിച്ചിട്ടുള്ളത്.

അതത് മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള ആളുകളെയാണ് കലോത്സവത്തിലേക്ക് വിധികർത്താക്കളായി തിരെഞ്ഞെടുത്തത് ാേ

# സ്പെക്ട്രാ

## പുതിയ തുടക്കം പുത്തൻ ഉണർവ്

ട്രാൻസ് ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണത്തിന് ആദ്യമായി നയം നടപ്പിലാക്കുകയും അവരുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക അംഗീകാരം നേടികൊടുക്കുന്നതിനുമായി രാജ്യത്ത് ആദ്യ ട്രാൻസ്ജെൻഡർ കലോത്സവം സംഘടിപ്പിച്ച് മാതൃകയാകുകയാണ് കേരളം. കേരള സാമൂഹിക നീതി വകുപ്പിന് കീഴിൽ നടക്കുന്ന ഈ കലോത്സവം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സമസ്ത മേഖലകളിലും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

കേന്ദ്ര ട്രാൻസ്ജെൻഡർ ബിൽ, ആർട്ടിക്കിൾ 377 റദ്ദാക്കികൊണ്ടുള്ള സുപ്രീംകോടതി വിധി തുടങ്ങി പുരോഗമനപരമായ പല മാറ്റങ്ങളും ഇടക്കാലത്ത് ഇന്ത്യയിൽ ഉണ്ടായിട്ടുണ്ടെങ്കിലും മൂന്നാം ലിംഗക്കാരെ തന്നിലൊരാളായി അംഗീകരിക്കാൻ ഇന്ത്യൻ സമൂഹം ഇനിയും പാകപ്പെട്ടിട്ടില്ല എന്നതാണ് വസ്തുത. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷര കേരളത്തിൽ ഇവരുടെ ജീവിത അന്തരീക്ഷം മെച്ചപ്പെട്ടതാണ്. ആദ്യ ട്രാൻസ്ജെൻഡർ നയം പാസാക്കിയ സംസ്ഥാനം, ട്രാൻസ് ജെൻഡർ തിരിച്ചറിയൽ കാർഡ്, തൊഴിൽ നൈപുണ്യ വികസനത്തിനായി പ്രത്യേക പദ്ധതികൾ, സൗജന്യലിംഗമാറ്റശസ്ത്രക്രിയ,കൊച്ചി,തിരുവനന്തപുരം ആസ്ഥാനമാക്കി നടക്കുന്ന പ്രത്യേക പരിപാടികൾ, ആദ്യ ട്രാൻസ്ജെൻഡർ സ്കൂൾ, ജെൻഡർ പാർക്ക്, ഇവരുടെ തുടർ വിദ്യാഭ്യാസ പദ്ധതിയായ സമന്വയ തുടങ്ങി ഒട്ടനവധി പദ്ധതികൾക്ക് സർക്കാർ മുൻകൈ എടുക്കുന്നുണ്ട്.

എന്നാൽ തിരിച്ചരിയൽ കാർഡ് ഉൾപ്പടെയുള്ളവയ്ക്കായുള്ള ദീർഘകാല നടപടി ക്രമങ്ങൾ, തൊഴിൽ മേഖലയിൽ അനുഭവിക്കേണ്ടി വരുന്ന സാമൂഹിക-മാനസിക സമ്മർദ്ദങ്ങൾ ഇവരെ ദുരിതത്തിലാക്കുന്നുണ്ട്. ഈ നടപടി ക്രമങ്ങൾ ലഘൂകരിക്കാനും അവരുടെ ജീവിത നിലവാരം ഉയർത്താനും നമുക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനാകും. ഇവരെക്കുറിച്ച് വിശദമായി പഠിക്കാൻ ഈ സമൂഹത്തിൽ ഉൾപ്പെട്ടവരെകൂടി പങ്കാളികളാക്കി കൊണ്ട് ട്രാൻസ്ജെൻഡർ പഠനകമ്മിറ്റി രൂപീകരിക്കുക, ഇവർക്കായി ട്രാൻസ് ജെൻഡർ സെല്ലിനോട് ചേർന്ന് കൗൺസിലിങ് സെന്റർ സ്ഥാപിക്കുക, എല്ലാത്തിനും ഉപരി വ്യത്യസ്ത ലൈംഗികാഭിരുചി ഒരു രോഗമല്ലെന്ന് മനസ്സിലാക്കുവാനും , അവരുടെ സാംസ്കാരിക ജീവിതരീതി അംഗീകരിക്കുവാനും സമൂഹം ഇനിയും തയ്യാറാകണം. വളർച്ചയുടെ ഓരോ ഘട്ടത്തിനും അനുസരിച്ച് ശരിയായ ദിശയിലുള്ള ലൈംഗിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ ഇത് പ്രാവർത്തികമാക്കാൻകഴിയൂ. വേണ്ട നടപടി ക്രമങ്ങൾ സ്വീകരിക്കാൻ സർക്കാരിന് കഴിയട്ടെയെന്ന് പ്രത്യാശിക്കാം.



**ആശയം:** ഫാത്തിമ എൻ സലിം, **വര:** ലീന എബ്രഹാം

# വരുന്നൂ... മല്ലികാവസന്തം

• അജാസ് മുഹമ്മദ് , തപസ്യ അശോക്

മലയാളസാഹിത്യലോകത്തെ ആദ്യ ട്രാൻസ്ജെൻഡർ ആത്മകഥ പണിപ്പുരയിലൊരുങ്ങുകയാണ്. എഴുതുന്നത് വിജയരാജ മല്ലികയും. മലയാള സാഹിത്യ രംഗത്ത് ഈ പേര് ഇന്ന് സജീവമാണ്. സാമൂഹിക പ്രവർത്തക, പ്രഭാഷക, മലയാളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ കവയത്രി എന്നിങ്ങനെ വിജയരാജ മല്ലികയ്ക്ക് വിശേഷണങ്ങളേറെ. ആണങ്ങൾ പറയാനറച്ചതും പെണ്ണങ്ങൾ പറയാൻ മറന്നതുമായ നിരവധി പേരുടെ മനോവ്യാപാരങ്ങളും മാനസിക സംഘർഷങ്ങളും ഉടൽ രാഷ്ട്രീയവുമൊക്കെ സംവദിച്ചാണ് വിജയരാജമല്ലിക സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവന്നത്. അതേ ധൈര്യമാണ് ˘ ഇപ്പോൾ ആത്മകഥ എഴുതാൻ മല്ലികയെ പ്രേരിപ്പിച്ചതും. മല്ലികാവസന്തം എന്നാണ് ആത്മകഥയ്ക്ക് പേര് നൽകിയിരിക്കുന്നത്. പുസ്തകം പുറത്തു വന്നാൽ അത് കോളിളക്കം ശ്രദ്ധിക്കുമെന്നതിൽ സംശയമില്ല. നിങ്ങളാരാധിക്കുന്ന പല വിഗ്രഹങ്ങളും ഉടയും. മുൻപ് പലരും ഒരു ജീവചരിത്രം എഴുതാനായി എന്നെ സമീപിച്ചിരുന്നു. പക്ഷേ ഒരു ട്രാൻസ്ജെൻഡറിന്റെ ജീവിതചരിത്രം എന്ന ആശയത്തോട് എനിക്ക് താത്പര്യമില്ല. എനിക്ക് പറയാനുള്ളത് മറ്റാരും എഴുതിയാൽ നന്നാവില്ല. ഞങ്ങളെ സംബന്ധിക്കുന്ന പല കാര്യങ്ങളും വ്യക്തമാക്കാൻ വാക്കുകൾ മതിയാവില്ല. അപ്പോൾ പുതിയ വാക്കുകൾ ഉണ്ടാക്കേണ്ടി വരും. മലയാളത്തിൽ കാളച്ചവപ്പ്, മാറുറയ്ക്കാത്ത പെണ്ണ് തുടങ്ങി പത്തു വാക്കുകൾ സംഭാവന ചെയ്യാൻ കഴിഞ്ഞത് ഇതേ സാഹചര്യങ്ങൾ കൊണ്ടുതന്നെയാണ്. അങ്ങനെയാണ് ആത്മകഥയെഴുതാമെന്ന തീരുമാനത്തിലേക്ക് എത്തുന്നത്, വിജയമല്ലിക പറഞ്ഞു.



വിജയരാജ മല്ലികയെ ഉദ്ഘാടന വേദിയിൽ ആദരിച്ചപ്പോൾ
ഫോട്ടോ: ജയകൃഷ്ണൻ ബി

ഹിന്ദിയിലാണ് വിജയമല്ലിക ആദ്യമായി എഴുതി തുടങ്ങുന്നത്. ഇപ്പോൾ ആൺനദി സിംഹള, ഹിന്ദി,തമിഴ് ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നു. മല്ലികയുടെ മരണാനന്തരം എന്ന കവിത എം.ജി സർവ്വകലാശാല സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹിന്ദിയിലെ സാഹിത്യകാരായ സുഭദ്ര കുമാരി ചൗഹാനും മഹാദേവി വർമ്മയുമാണ് ഇഷ്ടപ്പെട്ട എഴുത്തുകാർ. ഈ മാസം അവസാനം മല്ലികാവസന്തം എന്നു പേരിട്ടിരിക്കുന്ന ആത്മകഥ പുറത്തിറങ്ങും.

## അറിഞ്ഞതും അറിയേണ്ടതും...

ഇന്ത്യയിലെ ആദ്യ സംരംഭമായ ഈ കലോത്സവത്തിന്റെ ഭാഗമാകാൻ സാധിച്ചതിൽ വളരെയധികം സന്തോഷം.

നവ്യാനായരുടേയും ഭാവനയുടേയും അമ്പിളിദേവിയുടേയും നൃത്താധ്യാപകനാണ്. എന്റെ നൃത്താധ്യാപന ജീവിതത്തിലെ. ഏറ്റവും ധന്യമായ മുഹൂർത്തങ്ങളിൽ ഒന്നാണിത്. മത്സരാർത്ഥികളൊക്കെ ഒന്നിനൊന്ന് മികച്ച പ്രകടനമാണ് കാഴ്ചവച്ചത്.

എല്ലാവർക്കും എ ഗ്രേഡാണ് നൽകിയത് ആർക്കും ബി ഗ്രേഡ് നൽകാൻ തോന്നിയില്ല. ഏറ്റവും മികച്ച പ്രകടനത്തിനു. തന്നെയാണ് ഒന്നാം സ്ഥാനം നൽകിയിരിക്കുന്നത്.നമ്മുടെ സന്തോഷത്തിനപ്പുറം അവരുടെ സന്തോഷം കണ്ടപ്പോൾ മനസ്സ് നിറഞ്ഞു.

**– ശൈലേന്ദ്രൻ ,** വീധികർത്താവ്.

ഒരു കാലത്ത് കേരളത്തിൽ നിന്ന് നല്ലൊരു ജീവിതം അന്വേഷിച്ച് മറ്റൊരു രാജ്യത്തിലേക്ക് , മറ്റൊരു സംസ്കാരത്തിലേക്ക് പറിച്ചു നട്ടവരിൽ ഒരാളാണ് ഞാനും .കേരളത്തിലെ ജനസമൂഹത്തിന്റെ തെറ്റായ ധാരണകളുടെയും മനോഭാവങ്ങളുടെയും ഇരകളാകേണ്ടിവന്നവരാണ് ഞങ്ങളിൽ പലരും. എന്നാൽ , നഷ്ടപ്പെട്ടുപോയ ഞങ്ങളിൽ പലരുടെയും ജീവിതത്തെ നേടുകൊടുക്കലാണ് ഈ കലാമേള.

**– സുനിൽ,** കമ്മ്യൂണ്ണിറ്റി അംഗ

സാധാരണ കലോത്സവങ്ങളിൽ നഷ്ടപ്പെട്ടുപോയ അവസരങ്ങൾ തിരികെ കിട്ടുന്നതിൽ സന്തോഷമുണ്ട്.

ട്രാൻസ് ആയിട്ടുള്ള വ്യക്തികൾക്ക് പങ്കെടുക്കാൻ കഴിയുന്നു എന്നതാണ് ഏറ്റവും സന്തോഷകരമായി തോന്നിയത്.

**– ഇഷാൻ**

ലൈംഗിക തൊഴിലാളികളായി ട്രാൻസ്ജെൻഡേഴ്സിനെ കാണുന്ന പ്രവണത സമൂഹത്തിൽ ഇന്നും നിലനിൽക്ക്ുന്നു.

ചിന്താശക്തിയും കലാമികവുമുള്ള ഒരു ട്രാൻസ്ജെൻഡർ സമൂഹത്തെ വാർത്തെടുക്കുക എന്ന വല്ല്യ ലക്ഷ്യത്തിലേക്കാണ്ഞ. ങ്ങൾ പൊയ്ക് കൊണ്ടിരിക്കുന്നത്.

**– ബിജ്ജ കുഞ്ഞാറ്റ**

നഷ്ട്പ്പെട്ടുപോയവയെല്ലാം തിരിച്ചു കിട്ടിയപോലെ. എല്ലാരും ഒരുപാട് സന്തോഷത്തിലാണ്. ഒപ്പനയ്ക്ക് പങ്കെടുക്കുന്നുണ്ട്.

**– ശ്രീമയി**

നീറുന്ന ഓർമ്മകൾ മാത്രം നൽകിയിട്ടുള്ള കലോത്സവങ്ങൾ ,ഇന്ന് അഭിമാനത്തിന്റെയും ആത്മസംതൃപ്തിയുടേയും നിമിഷങ്ങളായി മാറിയിരിക്കുന്നു. ഇത് തുടക്ക്ം മാത്രമാണെങ്കിലും സമൂഹത്തിൽ നിന്ന് പുറത്താക്കപ്പെട്ടവർക്ക് സമൂഹം നൽകുന്ന അംഗീകാരമാണ്.

**– അർച്ചന**

# അമ്മത്തണലിൽ

• ബെറിൽ ബാബു, മയൂരി എ എസ്, മേഘ എസ് വിജയ്

സ്ത്രൈണതയുടെ അടയാളങ്ങളാണ് കരുതലും സംരംക്ഷണവും. ഒരു കുഞ്ഞിനെ പ്രസവിച്ചതു കൊണ്ടോ,മുലയൂട്ടി വളർത്തിയതുകൊണ്ടോ മാത്രം ഒരുവൾ അമ്മയാകില്ല. സ്നേഹവും വാത്സ്യല്യവും പരിഗണനയും അംഗീകാരവും നൽകുന്നവളാണ് അമ്മ എന്ന പദത്തിന് അർഹർ. . സ്വന്തം കുംടുംബത്തിൽ നിന്നും ബന്ധുക്കളിൽ നിന്നും ലഭിക്കാതെ പോയ സ്നേഹത്തിനും കരുതലിനും പരിഗണനയ്ക്കും പകരം ഇതാ ഇവിടെ മറ്റൊരു കുടുംബമുണ്ട്. ഒരുപാട് മമ്മിമാരുടെ താങ്ങും തണലുമുണ്ട്.

പറഞ്ഞുവരുന്നത് ട്രാൻസ്ജെൻഡർ കമ്മ്യൂണിറ്റിയിലെ അമ്മമാരെപ്പറ്റിയാണ്. തങ്ങൾക്ക് നേരിടേണ്ടി വന്ന അവഗണന കമ്മയൂണിറ്റിയിലേക്ക് ഇനി വരുന്നവർ നേരിടാതിരിക്കാൻ. ലഭിക്കാതെ പോയ സ്നേഹവും കരുതലും ആവോളം പങ്കുവയ്ക്കാൻ. ജീവിതം വഴിമുട്ടിയവരും മെല്ലെ കൈപിടിച്ചു നടത്താൻ ശ്രമിക്കുന്ന അമ്മമാരെപ്പറ്റി. ഇങ്ങനെ ഒരുപാട് പേരുണ്ട് കേരളത്തിലുടനീളം. മേക്കപ്പ് അണിയിക്കാനും മത്സരവേദിയിൽ പ്രാർത്ഥനയോടെ കാത്തിരിക്കാനും വിജയാഹ്ലാദം പാടിയും പറഞ്ഞും ചുവടുവച്ചും പങ്കുവയ്ക്കുകയും ചെയ്യുന്ന വാത്സല്യത്തിന് കൂടി കാണികളാകുകയായിരുന്നു കലോത്സവ വേദി.

കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ സെലിബ്രിറ്റി മേക്കപ്പ് ആർട്ടിസ്റ്റ് രഞ്ജുരഞ്ജിമാരുടെ വളർത്തുമകളാണ് സൂര്യ ഇഷാൻ. സൂര്യയുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും നേടികൊടുക്കാൻ രഞ്ജുരഞ്ജിമാർ ഒപ്പം തന്നെയുണ്ടായിരുന്നു. കേരളത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ ദമ്പതികളായ സൂര്യ-ഇഷാൻ വിവാഹം നടത്താൻ മുൻകൈയെടുത്തത് സൂര്യയുടെ അമ്മയായ രഞ്ജുരഞ്ജിമാരാണ്. ട്രാൻസ്ജെൻഡർ സമൂഹത്തിൽ നിന്ന് മാത്രമല്ല, അല്ലാതെയുള്ളവരെയും വളർത്തുമക്കളായി തിരെഞ്ഞെടുക്കാറുണ്ട്. കേരളത്തിലെ രണ്ടാമത്തെ ട്രാൻസ്ജെൻഡർ ദമ്പതികളായ തൃപ്തി ഷെട്ടി-ഹ്യത്തിക്ക് ദമ്പതികളുടെ വളർത്തുമകളാണ് ഒയാസിസ് കൾചറലിന്റെ സംഘാടകയായ ദിയ സന. മകളുടെ ഏതു ആവശ്യവും സാധിച്ചുകൊടുക്കുവാൻ ഇരുവരും തയ്യാറാണ്. ശീതൾ ശ്യാമിന്റെ വളർത്തുമകനാണ് ആദം ഹാരി. മക്കളുടെ സ്വപ്നങ്ങൾക്ക് ചിറക് നൽകുന്ന പേര് പോലും വെളിപ്പെടുത്താത്ത ഒരപപാട് കുടുംബങ്ങളുണ്ട് ഈ കമ്മ്യൂണിറ്റിയിൽ.

എഡിറ്റോറിയൽ ടീം: ജേണലിസം ആന്റ് മാസ്കമ്മ്യൂണിക്കേഷൻ പഠനവകുപ്പ്, മാർ ഇവാനിയോസ് കോളജ് അഡ്വൈസറി ബോർഡ്: ഡോ.എസ്.ആർ സഞ്ജീവ്, മിസ്സ് ദീപാമോൾ തോമസ്, മിസ്സ് ബിന്ദുജ വി, മിസ്സ് ശില്പ മെറിൻ കോശി । ഡിസൈൻ: ഓറഞ്ച് പ്രിന്റേഴ്സ്, പുളിമൂട്, തിരുവനന്തപുരം । പ്രസിദ്ധീകരണം : കേരള സർക്കാർ സാമൂഹ്യനീതി വകുപ്പ്



തിരുവാതിര വേദിയിൽ നിന്നുള്ള ദൃശ്യം ഫോട്ടോ : ജയകൃഷ്ണൻ ബി

# തെക്കു വടക്കൻ പ്രണയ ഗാഥ

• അരവിന്ദ് എം

ഞങ്ങൾ ഒരേ കമ്മ്യൂണിറ്റിയിലുള്ളവരല്ലേ എങ്ങനെയാണ് തൃപ്തിയെ കണ്ടുമുട്ടിയതെന്ന ചോദ്യത്തിന് ഹ്യത്തിക് പറഞ്ഞ മറുപടിയാണിത്. കേരളത്തിലെ രണ്ടാമത്തെ ട്രാൻസ്ജെൻഡർ ദമ്പതികളാണ ഹ്യത്തിക്കും തൃപ്തി ഷെട്ടിയും. ഇരുവരും ഒന്നിച്ചാണ് ചിത്രരചനാ മത്സരത്തിൽ പ്രളയം വിഴുങ്ങിയ കേരളത്തെ ക്യാൻവാസിൽ പകർത്തിയത്.

തിരുവനന്തപുരം ചിറയിൻകീഴ് സ്വദേശിയായ ഹ്യത്തിക് കാസർഗോഡ് മഞ്ചേശ്വരം സ്വദേശിയായ തൃപ്തിയെ കണ്ടുമുട്ടിയത് ഇവരുടെ കമ്മ്യൂണിറ്റിയിലെത്തിയ ശേഷമാണ്. മത്സരത്തിന്റെ വിഷയം പ്രതീക്ഷകളെ കൈവിട്ടില്ല. പ്രളയവും ട്രാൻസ്ജെൻഡർ ശില്പയുടെ മരണവും വിഷയങ്ങളാകുമെന്ന് കരുതിയിരുന്നു. നന്നായി പങ്കെടുക്കാൻ കഴിഞ്ഞു എന്നാണ് വിശ്വാസം. കലോത്സവത്തിന്റെ ഭാഗമായത് തന്നെ വലിയ നേട്ടമായാണ് കാണുന്നത് ഹ്യത്തിക് പറഞ്ഞു. ചിത്രരചന കൂടാതെ ഹ്യത്തിക്കിന് കഥാരചനയിലും തൃപ്തിക്ക് മിമിക്രിയിലും അഭിരുചിയുണ്ട്.

എറണാകുളത്താണ് ഇരുവരുടെയും താമസം. ഹ്യത്തിക്ക് ഒരു സ്വകാര്യ ചാനലിൽ ജോലി ചെയ്യുന്നു. തൃപ്തിയ്ക്ക് കരകൗശല വസ്തുക്കളുടെ വിപണനമാണ്. വ്യക്തിത്വം മറ്റൊന്നാണ് എന്ന് തിരിച്ചറിഞ്ഞപ്പോഴും ഇരുവരും ഒന്നാകാൻ തീരുമാനിച്ചപ്പോഴും വീട്ടുകാരുടെ പിന്തുണ വലിയ അനുഗ്രഹമായി.സാമൂഹിക പരിണാമത്തിന്റെ കണ്ണികളായാണ് അച്ഛനമ്മമാർ ഞങ്ങളെ ഉൾക്കൊണ്ടത്. മറ്റു സഹായങ്ങളുമായി സർക്കാരും ഒപ്പമുണ്ടല്ലോ. ജീവിതത്തിൽ ഒരു കുഞ്ഞെന്ന ആഗ്രഹമാണ് ഇനി. വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടെ ഇത് സാധ്യമാകുക ചെലവേറിയതാണ്. അതുകൊണ്ട് കുഞ്ഞിനെ ദത്തെടുക്കാനാണ് ആലോചിക്കുന്നതെന്നും ഇരുവരും പറഞ്ഞു.



തൃപ്തി ഷെട്ടിയും ഹ്യതികും ഫോട്ടോ : ദേവാനന്ദ് ബി ബി

## പോപ് അപ്സ്

ഞാനൊരു നൃത്ത അധ്യാപികയാണ് . കണ്ണൂരിൽ അഞ്ജലി കലാക്ഷേത്ര എന്ന പേരിൽ ഒരു നൃത്ത വിദ്യാലയം നടത്തുന്നുണ്ട്. പത്താം ക്ലാസിനു ശേഷം മോഹിനിയാട്ടത്തിന് വീണ്ടും മത്സരിക്കുന്നത് ഇന്നാണ്. പഴയ കലോത്സവവേദികളിലേക്ക് ഞാൻ വീണ്ടും തിരിച്ചെത്തിയിരിക്കുന്നു. പണ്ട് സ്കൂളിൽ പഠിക്കുമ്പോൾ സംസ്ഥാന തലത്തിൽ ഓട്ടൻ തുള്ളലിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. എന്റെ വീട്ടുകാരും നാട്ടുകാരും അവരിലൊരാളായി എന്നെ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു, ഇപ്പോൾ നിങ്ങളും...

- ശ്യാമിനി

21 വർഷം ഭരതനാട്ട്യം പഠിച്ചു. പക്ഷെ പൊതുവേദിയിൽ കയറാൻ ധൈര്യം ഇല്ലായിരുന്നു. ഇത് എന്റെ ആദ്യത്തെ വേദിയാണ്. ഈ 47-ാം വയസ്സിൽ എനിക്ക് അതിനുള്ള ധൈര്യവും ഭാഗ്യവും ലഭിച്ചത്.

**– ഷബീന**

# നിറം ചേർത്ത് മുവാ...

• റെന ഹെലൻ വർഗീസ്, ഫാത്തിമ എൻ സലീം

പഞ്ച സംസ്കാര സംഗമ ഭൂമിയായ സ്കാൻഡിനേവിയായിലെ സ്വീഡനിൽ നിന്നും കടൽ കടന്ന് ഇങ് പത്മനാഭന്റെ മണ്ണിലെത്തിയതാണ് മുവാ. സോഷ്യൽ വർക്കിന് ഇന്റേൺഷിപ്പ് ചെയ്യുവാനായി അനന്യ ഓർഗനേഷൻ എന്ന സ്ഥാപനത്തിലെത്തുന്നതിനു മുമ്പ് വരെ 'ദൈവത്തിന്റെ സ്വന്തം നാട് ' ഇവർക്ക് കേട്ടുകേൾവി മാത്രമായിരുന്നു. ഇത്തരത്തിലൊരു പരിപാടി നടക്കുന്നത് വളരെ കൗതുകത്തോടെ നോക്കി കാണുകയാണ് മുവാ എന്ന ഇരുപത്തിയഞ്ചുകാരി. ചുരുങ്ങിയ കാലം കൊണ്ട് തന്നെ അവർക്കേറെ പ്രിയപ്പെട്ടതായി മാറിയിരിക്കുന്നു. ഭിന്നലിംഗക്കാർക്കായി നടത്തപ്പെടുന്ന ഇത്തരമൊര്രു പരിപാടി കേരളത്തെ ഇത്തരത്തിൽ ഒരു പരിപാടി നടക്കുന്നത് വളരെ കൗതുകത്തോടെ നോക്കിക്കാണുകയാണ് ഇരുപത്തിയഞ്ചുകാരിയായ മുവ. ചുരുങ്ങിയ കാലം കൊണ്ട് തന്നെ കേരളം അവർക്ക് ഏറെ പ്രിയപ്പെട്ടതായി മാറിയിരിക്കുന്നു. ഭിന്നലിംഗക്കാർക്കായി നടത്തപ്പെടുന്ന ഇത്തരമൊരു പരിപാടി കേരളത്തിലല്ലാതെ ലോകത്തിന്റെ മറ്റൊരു കോണിലും കാണുവാൻ സാധിക്കുകയില്ലെന്ന് ഇവർ പറയുന്നു. ഇതുപോല പരിപാടിയുടെ ഭാഗമാകാൻ സാധിച്ചതിൽ സന്തോഷവതിയാണ്.



ഫോട്ടോ : ദേവാനന്ദ് ബി ബി

**മുവാ,** സാമൂഹിക പ്രവർത്തക

# വർണ്ണപ്പകിട്ടിൽ

• ശില്പാ വിനോദ്, പർവീൻ തസ്ലീമ

തിരുവനന്തപുരം: നീണ്ട രണ്ടുവർഷത്തെ കാത്തിരിപ്പും പ്രയത്നവും പ്രതീക്ഷയുമാണ് നവംബർ എട്ട്, ഒൻപത് തീയതികളിലായി അരങ്ങേറിയ വർണ്ണപ്പകിട്ട് 2019. പ്രഖ്യാപിച്ച് രണ്ടു വർഷം പിന്നിടുമ്പോഴാണ് അഴകിന്റെ കലോത്സവം യാഥാർത്ഥ്യത്തിലേക്ക് എത്തുന്നത്. സംസ്ഥാന സർക്കാർ ട്രാൻസ്ജെൻഡർ നയം പാസാക്കിയതിന് ശേഷമാണ് ട്രാൻസ്ജെൻഡർ കലോത്സവം എന്ന ആശയം ഉടലെടുക്കുന്നത്. കഴിഞ്ഞ രണ്ടുവർഷമായി കമ്മ്യൂണിറ്റിയിലെ അംഗങ്ങൾ ഇത് യാഥാർത്ഥ്യമായി കാണാനുള്ള പരിശ്രമങ്ങളിലാണ്. പ്രളയാനന്തര കേരളത്തിൽ പ്രതീക്ഷകൾക്ക് മങ്ങലേറ്റവരിൽ ഇക്കൂട്ടരും ഉണ്ടായിരുന്നു. പ്രളയത്തെ തുടർന്ന് രണ്ടുവട്ടമാണ് ട്രാൻസ്ജെൻഡർ കലാമേള മാറ്റി വയ്ക്കുന്നത്. നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് സാമൂഹികനീതി വകുപ്പിന്റെ ജെൻഡർ സെല്ലിൽ പ്രവർത്തിക്കുന്ന ലയ മരിയ ജയ്സൺ പറയുന്നു.

കേരളത്തിന്റെ പതിനാല് ജില്ലകളിൽ നിന്നുള്ള കമ്മ്യൂണിറ്റി അംഗങ്ങളാണ് വർണ്ണപ്പകിട്ട് 2019 ന്റെ ഭാഗമാകുന്നത്. ജില്ലാ തലത്തിലുള്ള സംഘാടകരിലൂടെ കമ്മ്യൂണിറ്റി അംഗങ്ങളെ പരിപാടികൾക്കായി സക്രീനിങ് നടത്തി പരിശീലനം നൽകിയാണ് കലോത്സവ വേദിയിലെത്തിച്ചത്. ജില്ലാ തലത്തിൽ ഒരു മത്സരയിനത്തിന് മൂന്നിൽ കൂടുതൽ പേർ മത്സരിക്കാനുണ്ടെങ്കിൽ ഈ നടപടി ക്രമം സ്വീകരിക്കുകയായിരുന്നു. ഇങ്ങനെ തെരഞ്ഞെടുത്തവരെ രണ്ടുമാസം ജില്ലാ തലത്തിൽ തന്നെ ഷെൽടർ ഹോമുകളിൽ പരിശീലനം നൽകി. കമ്മ്യൂണിറ്റി അംഗങ്ങൾ തന്നെയായിരുന്നു പരിശീലകർ. 35 ലക്ഷം രൂപയാണ് വർണ്ണപ്പകിട്ടിനായി സർക്കാർ നീക്കിവച്ചത്. ആദ്യത്തെ ഉദ്യമമെന്ന നിലയിൽ പരിമിതികളും പ്രയാസങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ അത് പരിഹരിക്കാൻ അടുത്ത ഘട്ടത്തിൽ ഞങ്ങൾക്കാകും, ലയ കൂട്ടിച്ചേർത്തു.

ഇതൊരു തുടക്കം മാത്രമാണ്. മാധ്യമശ്രദ്ധ എന്തുകൊണ്ടോ നമുക്ക് പ്രതീക്ഷിച്ചപോലെ ലഭിച്ചിട്ടില്ല. അടുത്ത തവണ അത് പരിഹരിക്കുമെന്ന് പ്രതീക്ഷയുണ്ടെന്ന് കമ്മ്യൂണിറ്റി അംഗം കൂടിയായ ബിജ്ജു കുഞ്ഞാറ്റ പറഞ്ഞു.

# ലാസ്യം 'ഭദ്ര' നടനം

• സൂര്യനാരായണൻ എസ് വി

അതിതീഷ്ണമായ ഭാവസൗകുമാര്യതയും ലാസ്യഭംഗിയും ഒത്തിണങ്ങിയ നടനമെന്നാണ് ഭദ്രയുടെ മോഹിനിയാട്ടത്തെ വിധികർത്താക്കൾ വിശേഷിപ്പിച്ചത്. എന്നാൽ ഭദ്രയെ സംബന്ധിച്ച് 12 വർഷത്തോളം സ്വത്വം മറച്ചുവച്ച് ജീവിക്കേണ്ടി വന്നതിന്റെ മാനസിക സംഘർഷങ്ങൾ ആടിതീർക്കാനുള്ള വേദിയായിരുന്നു വർണ്ണപ്പകിട്ട് 2019. നീണ്ട ഇടവേളയ്ക്ക് ശേഷം പാലായെ പ്രതിനിധീകരിച്ച് അരങ്ങിലെത്തിയ ഭദ്രയാണ് മോഹിനിയാട്ട മത്സര ജേതാവ്. അണിയറയിലെ ജീവിതത്തെക്കുറിച്ച് ഭദ്ര സ്പെക്ട്രയോട് സംസാരിക്കുന്നു

പാലായിലെ നാട്യാഞ്ജലി നൃത്ത വിദ്യാലയത്തിലാണ് ഞാൻ നൃത്താധ്യപികയായി ജോലി ചെയ്യുന്നത്. സമൂഹമെന്നെ എങ്ങനെ ഉൾക്കൊള്ളുമെന്ന ആശങ്കയും മാനസിക സമ്മർദ്ദങ്ങളും ശരിയായ എന്റെ സ്വത്വത്തെ മറച്ചുവയ്ക്കാൻ പ്രേരിപ്പിച്ചു. പക്ഷേ ഇന്ന് സാഹചര്യങ്ങൾ ഞങ്ങൾക്ക് അനുകൂലമാകുന്നുണ്ട്. പക്ഷേ പുരുഷനിൽ നിന്നും സ്ത്രീയായപ്പോൾ എനിക്കിന്ന് അംഗീകാരം ലഭിക്കുന്നുണ്ട്. നിലവിൽ നാട്യഞ്ജലിയിലെ ജോലി പോലും എനിക്ക് ലഭിച്ചത് ഞാൻ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ഭാഗമായത് കൊണ്ടാണ്. അതിൽ അളവറ്റ അഭിമാനവുമുണ്ട്. തൊഴിലിടത്തിൽ പോലും കുട്ടികൾ മറ്റുള്ളവരെക്കാളേറെ അവരുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കാനും സംസാരിക്കാനും എന്നെ തെരഞ്ഞെടുക്കുന്നത് ഒരു അംഗീകാരമായി കാണുന്നു. ഞങ്ങ%ുടെ സമൂഹത്തെ അംഗീകരിച്ചതിന്റെ വിജയമാണ് ഈ നേട്ടം. ഭദ്ര പറയുന്നു.



ഭദ്ര അമൽ ഫോട്ടോ : ദേവാനന്ദ് ബി ബി